"ഭരണഭാഷ-മാതൃഭാഷ"

DWCD/4024/2025-E8

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം
പൂജപ്പുര,തിരുവനന്തപുരം
തീയതി: 21-07-2025
ഇമെയിൽ: wcdestablishment2017@gmail.com
ഫോൺ : 04712346534

വനിതാ-ശിശു
വികസന വകുപ്പ്

## സർക്കുലർ

വിഷയം: വനിത ശിശുവികസന വകുപ്പ്- ജീവനക്കാര്യം –ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരിൽ നിന്നും ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയിലെ നിയമനം അഡ്ഹോക്ക് ഡിപിസി ലോവർ കൂടുന്നതിനായി കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്-

സൂചന: 1) സ ഉ (കൈ) നം.03/2025 WCDD തീയതി 28.01.2025
2) GO(MS) No.06/2021/SJD dtd.15.02.21

കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട വനിത ശിശുവികസന വകുപ്പിലെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയിലേയ്ക്ക് ജീവനക്കാരുടെ സ്ഥാന കയറ്റ വ്യവസ്ഥകൾ താൽക്കാലികമായി നിശ്ചയിച്ച് മേൽ സൂചന (1)(2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയുടെ ഫീഡർ കാറ്റഗറിയിൽ നിന്ന് സ്ഥാന കയറ്റം വഴിയും (കാറ്റഗറി 1) വകുപ്പിലെ ജൂനിയർ സൂപ്രണ്ട് ,സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക്ക് ഓഫീസർ, ന്യൂട്രീഷനിസ്റ്റ്, പ്രീ സ്കൂൾ എഡ്യുക്കേഷനിസ്റ്റ്, ഹെൽത്ത് എഡ്യൂക്കേഷനിസ്ററ്, സോഷ്യോളജിസ്റ്റ് എന്നീ തസ്തികകൾ ഉൾപ്പെട്ട കോമൺ സീനിയോറിറ്റി ലിസ്റ്റ് വഴിയും(കാറ്റഗറി2) 11:3 എന്ന അനുപാതത്തിൽ മേൽ പരാമർശിച്ചിട്ടുള്ള ഇരു ഗ്രൂപ്പുകളിൽ നിന്നും പ്രൊമോഷൻ/ബൈ ട്രാൻസ്ഫർ നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ഇപ്രകാരം രണ്ടാം കാറ്റഗറിക്കായി മാറ്റി വച്ചിട്ടുള്ള ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 തസ്തികകളിലേയ്ക്കുള്ള പ്രോമോഷൻ/ബൈട്രാൻസ്ഫർ നിയമനത്തിനായി പ്രസ്തുത സീനിയോറിറ്റി ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്ന് ഓപ്ഷനും കൂടാതെ 2022, 2023, 2024 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടും സ്കോർ പോർട്ടൽ മുഖേന സമർപ്പിക്കേണ്ടതാണ്.

മുൻകാലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരും എന്നാൽ വിവിധ കാരണങ്ങളാൽ മുൻ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടാൻ കഴിയാതെ പോയവരുമായ ജൂനിയർ സൂപ്രണ്ട്,സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക് ഓഫീസർ ന്യൂട്രീഷനിസ്റ്റ്, പ്രീ സ്കൂൾ എഡ്യുക്കേഷനിസ്റ്റ്, ഹെൽത്ത് എഡ്യൂക്കേഷനിസ്ററ്, സോഷ്യോളജിസ്റ്റ് തസ്തികകളിലെ ജീവനക്കാർ നിലവിൽ സർവ്വീസിൽ തുടരുന്നുവെങ്കിൽ പ്രസ്തുത ജീവനക്കാരും കോൺഫിഡൻഷ്യൽ റിപ്പോർട്ട് സ്കോർ പോർട്ടൽ മുഖേന സമർപ്പിക്കേണ്ടതും ടി വിവരം വനിത ശിശുവികസന ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട സീറ്റിൽ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

2022, 2023, 2024 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഇനിയും പൂർത്തിയാകാത്ത ജീവനക്കാർ കലണ്ടർ വർഷ ക്രമത്തിൽ തയ്യാറാക്കി പരിപത്രം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം സ്കോർ പോർട്ടൽ മുഖേന ലഭ്യമാക്കേണ്ടതാണ്.

ജീവനക്കാർ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർപ്പ് ,സേവന പുസ്തകത്തിന്റെ ആദ്യ പേജിന്റെ പകർപ്പ് ,ഓപ്ഷൻ ഫോം എന്നിവ [illegible] മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്ക് ശേഷം ലഭ്യമാകുന്ന അപേക്ഷകൾ ഒരു അറിയിപ്പും കൂടാതെ തന്നെ ഒഴിവാക്കി അഡ്ഹോക്ക് ഡിപിസി(ലോവർ) കൂടുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

HARITHA V KUMAR IAS
DIRECTOR

ബന്ധപ്പെട്ട ജീവനക്കാർക്ക്(കാര്യാലയ മേധാവി മുഖാന്തിരം)

പകർപ്പ്

1. സൂപ്രണ്ട് .ഐ.ടി സെൽ(വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
2.സ്റ്റോക്ക് ഫയൽ

Signed by
Haritha V Kumar
Date: 25-07-2025 14:28:04

# ഓപ്ഷൻ ഫോം

30/03/2010ലെ ജി.ഒ (പി) നം. 23/2010/സാക്ഷേവ നമ്പർ ഉത്തരവ്
27/12/2012ലെ ജി.ഒ (പി) നം. 77/2012/സാനീവ നമ്പർ ഉത്തരവ്

-------------------------------------

വനിതാ ശിശുവികസന വകുപ്പിൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് ചട്ട പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന .......................

...............................................................

(പേര്, തസ്തിക, കാര്യാലയത്തിന്റെ പേര്) എന്ന ഞാൻ കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി 8ൽ ഉൾപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1 / ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ് മാസ്റ്റർ ഗ്രേഡ് 1 / റീജിയണൽ ഡൗറി പ്രൊഹിബിഷൻ ഓഫീസർ എന്നീ തസ്തികകയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനം ഇതിനാൽ ഓപ്റ്റ് ചെയ്യുന്നു. കാറ്റഗറി 8ൽ ഉൾപ്പെടുന്ന മേൽ തസ്തികയിലേക്ക് എനിക്ക് ബൈട്രാൻസ്ഫർ നിയമനം ലഭിക്കുന്ന പക്ഷം കേരള മിനിസ്റ്റീരിയൽ സർവ്വീസ് റൂൾസിൽ ഉൾപ്പെട്ട സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ഞാൻ അവകാശവാദമൊന്നും ഉന്നയിക്കില്ലെന്ന് സമ്മതിക്കുന്നു.

**(ഒപ്പ്)**

**പേര്** :

**ഉദ്യോഗപ്പേര്** :

**ജോലി ചെയ്യുന്ന കാര്യാലയം** :

**കാര്യാലയമേധാവിയുടെ ഒപ്പ്** :

**പേര്** :

**ഉദ്യോഗപ്പേര്** :

**കാര്യാലയം** :